കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കൊച്ചി നഗരസഭ സീനിയർ ക്ലാർക്ക് ശ്രീ.പ്രമോദ്.പി.പിള്ള ഫയൽ ചെയ്ത OA(EKM)1002/15-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.334/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 28/01/2016.

പരാമർശം :
1. 10/06/2015 തിയതിയിലെ ശ്രീ.പ്രമോദ്.പി.പിള്ള സമർപ്പിച്ച അപേക്ഷ.
2. 09/11/2015 ലെ OA(EKM)1002/15 നമ്പർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം.

## ഉത്തരവ്

27/4/98 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.സി / ബി.സി തസ്തികയിൽ പത്തനംതിട്ട നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പ്രമോദ്.പി.പിള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് എല്ലാം തന്നെ ഡിസംബർ 2003 ൽ പാസ്സാവുകയും ടി വിവരം മാവേലിക്കര നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു. നഗരകാര്യ ഡയറക്ടറുടെ 24/8/2005 ലെ B7-20415/2004 നമ്പർ ഉത്തരവിൽ ഉദ്യോഗക്കയറ്റം ലഭിച്ചവരുടെ സീനിയോറിറ്റി പുനഃക്രമീകരിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും അപ്രകാരം ഉണ്ടാകാത്തതിനെത്തുടർന്ന് 3/8/06,9/2/10,8/10/13,26/4/14 എന്നീ തീയതികളിൽ ശ്രീ.പ്രമോദ്.പി.പിള്ള നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ നൽകുകയുണ്ടായി എന്നും സർവ്വീസ് സീനിയോറിറ്റി അനുസരിച്ച് റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ ഇനി 6-ാമത്തെ ആളാണ് താനെന്നും എന്നാൽ 2/6/2015 ൽ നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച 39 പേരുടെ പ്രമോഷൻ ലിസ്റ്റിൽ തന്റെ പേര് ഉൾപ്പെട്ടില്ല എന്നും തന്നെക്കാൾ വളരെ ജൂനിയറായ 33 പേർക്ക് ഉദ്യോഗക്കയറ്റം നല്കി എന്നും ഇത് തന്റെ സർവ്വീസിനെ സാരമായി ബാധിക്കുമെന്നും ഉദ്യോഗക്കയറ്റം യഥാസമയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.പ്രമോദ്.പി.പിള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM)1002/15 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവിൽ അപേക്ഷകന്റെ അപേക്ഷയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത നിർദ്ദേശ പ്രകാരം അപേക്ഷകനെ സർക്കാർ പ്രതിനിധി നേരിൽ

കേട്ടു. ടി വിഷയത്തിന്മേലുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ കൊച്ചി നഗരസഭയിൽ സീനിയർ ക്ളാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ പ്രമോദ് പി പിള്ള 27/04/98 ൽ എൽ.ഡി.സി ആയി ജോലിയിൽ പ്രവേശിച്ച ആളാണ് എന്നും ടിയാൻ വകുപ്പ്തല പരീക്ഷകൾ 12/2003 ന് പാസായിട്ടുള്ളതും ആയത് 04/2004 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ് എന്നും അറിയിച്ചിരിക്കുന്നു. ഒഴിവു നിലവിൽ വരുന്ന തീയതിയിൽ ഉദ്യോഗക്കയറ്റത്തിനാവശ്യമായ ടെസ്റ്റ് യോഗ്യതകൾ നേടിയ ജൂനിയർമാരായ ജീവനക്കാരുണ്ടെങ്കിൽ ടി ജീവനക്കാർക്ക് പ്രമോഷൻ നൽകേണ്ടതും സീനിയറായ ജീവനക്കാരൻ റിസൽട്ട് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മാത്രം യോഗ്യത നേടിയതായി കണക്കാക്കേണ്ടതാണെന്നും 10/03/2014 /ഉഭപവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. അതനുസരിച്ച് 07/01/2004-ലെ ഉത്തരവിൽ ഉൾപ്പെടുത്തി ടിയാന് ഉദ്യോഗക്കയറ്റം നൽകുവാൻ സാധിക്കുകയില്ല. ആയതിനാൽ ശ്രീ പ്രമോദ് പി പിള്ളയെ 27/10/2004 ലെ ഉത്തരവിൽ ഉൾപ്പെടുത്തി ഉദ്യോഗക്കയറ്റത്തിനർഹതയുള്ളതും നിലവിലെ സീനിയർക്ലാർക്കുമാരുടെ അന്തിമ Gradation List ൽ ക്രമ നമ്പർ 142 ആയ ശ്രീ. എം മനോജ് കുമാറിന് പിന്നിലും ക്രമ നമ്പർ 143 ആയ ശ്രീ.എൻ. കെ. സ്മിജേഷിന് മുന്നിലും ചേർക്കുന്നതിന് അർഹതയുണ്ടെന്നും അറിയിച്ചിരിക്കുന്നു.

നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ശ്രീ പ്രമോദ് പി പിള്ളയുടെ സീനിയോറിറ്റി നിലവിലെ സീനിയർ ക്ലാർക്കുമാരുടെ അന്തിമ Gradation List ൽ ക്രമ നമ്പർ 142 ആയ ശ്രീ. എം മനോജ് കുമാറിന് പിന്നിലും ക്രമ നമ്പർ 143 ആയ ശ്രീ.എൻ. കെ. സ്മിജേഷിന് മുന്നിലും ചേർത്ത് ക്രമപ്പെടുത്തേണ്ടതും ഇതു പോലെ സീനിയോറിറ്റി ക്രമപ്പെടുത്തണമെന്നാവശ്യപ്പെട്ടു ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വേണ്ടവിധം ക്രമപ്പെടുത്തി അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പുറപ്പെടുവിക്കാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
സോണിയ വാഷിംഗ്ടൺ,
അണ്ടർ സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ശ്രീ.പ്രമോദ്.പി.പിള്ള ,സീനിയർ ക്ലാർക്ക്, കൊച്ചി നഗരസഭ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,
സെക്ഷൻ ഓഫീസർ.